ഖുത്ബ
13.7.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# സത്യവിശ്വാസിയുടെ പ്രത്യേകതകൾ

**അ**ല്ലാഹുവിന്റെ വിശേഷണനാമമായ 'മുഅ്മിൻ' എന്നതിനെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. വിവിധ നിഘണ്ടുകർത്താക്കളും ഖുർആൻ വ്യാഖ്യാതാക്കളും ഈ പദത്തിന് കൊടുത്തിരിക്കുന്ന പല നിർവചനങ്ങളും വിശദീകരിക്കുകയും ചെയ്തിരുന്നു. അതിന്റെ ചുരുക്കമിതാണ്: അല്ലാഹു തന്റെ സവിശേഷഗുണമായ മുഅ്മിൻ അനുസരിച്ച് അഭയം നല്കുന്നവനാണ്. തന്റെ നബിമാരെ സത്യപ്പെടുത്തുന്നവനാണ്. അവരെ പിന്തുണച്ചുകൊണ്ട് അടയാളങ്ങളും ദിവ്യാത്ഭുതങ്ങളും കാണിക്കുന്നവനാണ്. അല്ലാഹു അയച്ച നബിമാരെ വിശ്വസിക്കുമ്പോൾ അവൻ മനുഷ്യരെ എല്ലാ ഉപദ്രവങ്ങളിൽനിന്നും അഭയം നല്കി സംരക്ഷിക്കുന്നു. ഇഹലോകത്തും പരലോകത്തും വിശ്വാസികൾക്ക് മനഃശാന്തി പ്രദാനം ചെയ്യുന്നു. തന്റെ അനുഗ്രഹങ്ങൾകൊണ്ട് കടാക്ഷിക്കുന്നു. തന്റെ വിശ്വാസികളായ ദാസന്മാരെ തന്റെ തൃപ്തിയുടെ തോട്ടങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, ഒരു മനുഷ്യന് അല്ലാഹുവിന്റെ ഈ സവിശേഷഗുണത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കാൻ, ഞാൻ പറഞ്ഞതുപോലെ മുഅ്മിൻ അഥവാ സത്യവിശ്വാസിയാകേണ്ടിവരും. സത്യവിശ്വാസിയായ ദാസരോടു മാത്രമാണ് അവനിങ്ങനെ പെരുമാറുന്നത്. സത്യവിശ്വാസിയാകുന്നതിനുള്ള നിർബന്ധകാര്യങ്ങൾ എന്തൊക്കെയാണ്? എന്തെന്തെല്ലാം നിബന്ധനകൾ പാലിച്ചാലാണ് ഒരു മനുഷ്യന് സത്യവിശ്വാസിയാകാൻ കഴിയുന്നത്? തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു വിവിധ സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ഈ വിശേഷഗുണത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനായി സത്യവിശ്വാസിയായ ദാസൻ വിശ്വാസത്തിന്റെ പദവികൾ തരണം ചെയ്ത് ഖുർആനിൽ പ്രതിപാദിച്ച ആ കാര്യങ്ങൾ സ്വായത്തമാക്കുമ്പോൾ യഥാർത്ഥ സത്യവിശ്വാസിയെന്ന് പറയപ്പെടുകയും ദൈവാനുഗ്രഹം പ്രാപിക്കുകയും ചെയ്യും.

വിശുദ്ധഖുർആന്റെ ആരംഭത്തിൽതന്നെ 'മുഅ്മിൻ' എന്ന പദത്തെ നിർവചിച്ചിട്ടുണ്ട്.

الَّذِيْنَ يُؤْمِنُوْنَ بِالْغَيْبِ وَ يُقِيْمُوْنَ الصَّلٰوةَ وَمِمَّا رَزَقْنٰهُمْ يُنْفِقُوْنَ ۝

وَالَّذِيْنَ يُؤْمِنُوْنَ بِمَآ اُنْزِلَ اِلَيْكَ وَمَآ اُنْزِلَ مِنْ قَبْلِكَ ۚ وَبِالْاٰخِرَةِ هُمْ يُوْقِنُوْنَ ۝

സത്യവിശ്വാസിയുടെ ആദ്യത്തെ അടയാളമാണ് അദൃശ്യകാര്യങ്ങളിൽ അവൻ വിശ്വസിക്കുന്നു എന്നത്. അവന്റെ രണ്ടാമത്തെ പ്രത്യേകത നമസ്കാരങ്ങൾ നിലനിറുത്തുന്നവനായിരിക്കും എന്നതാണ്. മൂന്നാമത്തേത് അവൻ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവനായിരിക്കും (അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ചെലവഴിക്കുന്നവൻ). നാലാമത്തെ പ്രത്യേകത നബി(സ)യുടെമേൽ ഇറക്കപ്പെട്ട ശരീഅത്തിൽ വിശ്വസിക്കുന്നവനായിരിക്കും. അഞ്ചാമത്തെ പ്രത്യേകത മുൻകഴിഞ്ഞ നബിമാരെ വിശ്വസിക്കുന്നവനായിരിക്കും. ആറാമത്തേത് ആഖിറത്തിൽ ദൃഢമായി വിശ്വസിക്കുന്നവനുമായിരിക്കും. അതായത്, അല്ലാഹു വാഗ്ദാനം നല്കിയ കാര്യങ്ങളിൽ വിശ്വസിക്കുന്നവനായിരിക്കും.

ഒരു സത്യവിശ്വാസിയുടെ ആദ്യത്തെ പ്രത്യേകതയായി പറഞ്ഞത് അവൻ അദൃശ്യത്തിൽ വിശ്വസിക്കുന്നു എന്നാണ്. അതായത്, അല്ലാഹു സർവ്വശക്തനാണെന്നുള്ള തികഞ്ഞ വിശ്വാസമുണ്ടായിരിക്കുക. ഈ തികഞ്ഞ വിശ്വാസമുണ്ടാകുമ്പോൾ അല്ലാഹു തന്റെ അസ്തിത്വത്തെക്കുറിച്ച് വിവിധ രീതിയിൽ സത്യവിശ്വാസിക്കറിയിച്ചുകൊടുക്കുന്നു. ഇപ്രകാരംതന്നെയാണ് മലക്കുകളിലുള്ള വിശ്വാസവും മരിച്ചതിനുശേഷമുള്ള ജീവിതത്തെക്കുറിച്ചുള്ള വിശ്വാസവുമെല്ലാം വിശ്വാസത്തിന്റെ ഉദാഹരണങ്ങളാണ്. ഏതു പരിതസ്ഥിതിയിലും സ്വന്തം വിശ്വാസത്തെ ഉറപ്പിച്ചുനിറുത്തുക എന്നതും അദൃശ്യത്തിലുള്ള വിശ്വാസമാണ്. ആരേയും കാണിക്കാൻ വേണ്ടി സൽകർമ്മം ചെയ്യരുത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നത് മാത്രമായിരിക്കണം അതിന്റെ ഉദ്ദേശ്യം. അല്ലാഹു ഏതു പരിതസ്ഥിതിയിലും തന്നെ കാണുന്നുണ്ടെന്നുള്ള വിചാരം ഉണ്ടായിരിക്കണം. ശത്രുക്കളോടുള്ള ഭയം, ഏതെങ്കിലും രീതിയിലുള്ള ഭീരുത്വം, സ്വാർത്ഥത തുടങ്ങിയവയൊന്നും അല്ലാഹുവിന്റെ കല്പന പാലിക്കുന്ന

തിൽനിന്ന് തടയാൻ പാടില്ല. ഇതാണ് കെട്ടുറപ്പുള്ള വിശ്വാസത്തിന്റെ ഒന്നാമത്തെ നിബന്ധന.

സത്യവിശ്വാസിയാകുന്നതിന് രണ്ടാമത്തെ പൊതുവെയുള്ള നിബന്ധന നമസ്കാരം നിലനിറുത്തുക എന്നതാണ്. നമസ്കാരം നിലനിറുത്തുക എന്നുപറഞ്ഞാൽ പ്രത്യേക ശ്രദ്ധയോടുകൂടി സ്വന്തം നമസ്കാരത്തിന് മേൽനോട്ടം വഹിക്കുകയും അതു മുടങ്ങാതെ അനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. കാരണം നമസ്കാരം മുറപ്രകാരം നാം അനുഷ്ഠിക്കുന്നില്ലെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ചിലപ്പോൾ നമസ്കരിക്കുക, ചിലപ്പോൾ നമസ്കരിക്കാതിരിക്കുക, ചിലപ്പോൾ ഉറക്കം വരിക, അങ്ങനെ ഇശാഅ് നമസ്കാരം നഷ്ടപ്പെടുക, നമസ്കരിക്കാതെ കിടന്നുറങ്ങുക, ചിലപ്പോൾ ഗാഢനിദ്രയിലായതുകൊണ്ട് സുബ്ഹിക്ക് എഴുന്നേല്ക്കാൻ കഴിയാതെ വരിക തുടങ്ങിയവ. അങ്ങനെ വരുമ്പോൾ ചിലയാളുകൾ നമസ്കാരംതന്നെ ഉപേക്ഷിച്ചുകളയാറുണ്ട്. ഇത് ശരിയല്ല. ഉണർന്നാലുടനെ സുബ്ഹി നമസ്കരിക്കേണ്ടതാണ്. സൂര്യനുദിച്ചതിനു ശേഷം നമസ്കരിക്കുമ്പോൾ നാണക്കേടാകുമെന്ന് കരുതി നമസ്കരിക്കാതിരിക്കരുത്. തന്നത്താൻ അപലപിക്കുമ്പോൾ രണ്ടാം ദിവസം ഒരുപക്ഷേ, അത് കൃത്യസമയത്ത് ഉണരാൻ മുഅ്മിനെ പ്രേരിപ്പിക്കും. ജോലി ചെയ്യുന്നവർക്ക് ളുഹ്ർ, അസ്ർ നമസ്കാരങ്ങൾ നഷ്ടപ്പെടാറുണ്ട്. എന്നാൽ, അല്ലാഹു പറയുന്നത് നമസ്കാരം മുറപ്രകാരം നിലനിറുത്തുന്നവനാണ് സത്യവിശ്വാസി എന്നാണ്. എങ്ങനെയാണ് നമസ്കാരം നിലനിറുത്തുന്നത്? ***അലാ സ്വലാത്തിഹിം ദായിമൂൻ*** തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരതയോടെ നില്ക്കുന്ന നമസ്കാരക്കാർ (70:24). ചിലപ്പോൾ നമസ്കാരം നഷ്ടപ്പെട്ടാൽ, അത് സാരമില്ല എന്ന് പറയുന്നവരല്ല അവർ. നേരെമറിച്ച് തുടർന്നു പറഞ്ഞു ***അലാ സ്വലാത്തിഹിം യുഹാഫിളുൻ***. നമസ്കാരങ്ങൾ സംരക്ഷിക്കാൻ അരമുറുക്കിയിരിക്കുന്നവരാണവർ (70:35).

ഏറ്റവും പ്രിയപ്പെട്ട സാധനം സൂക്ഷിച്ചുവെക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയോടെ അവർ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നു. നമസ്കാരമെങ്ങാനും നഷ്ടപ്പെട്ടാൽ അവർക്കുണ്ടാകുന്ന അസ്വസ്ഥതയ്ക്ക് അതിരുണ്ടാകുകയില്ല. ആ അവസ്ഥയുണ്ടായാൽ വിശ്വാസത്തിൽ ഉറപ്പുണ്ടാകുന്നതാണ്. നമസ്കാരം മുറപ്രകാരം കൃത്യമായി അനുഷ്ഠിച്ചാൽ മാത്രംപോരാ. ***ഇന്നസ്സ്വലാത്ത കാനത് അലൽ മുഅ്മിനീന കിതാബൻമ്മൗഖൂത്ത*** നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണ്ണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യമാകുന്നു (4:104). നമസ്കാരം അതിന്റെ സമയത്ത് അനുഷ്ഠിക്കാൻ കഴിഞ്ഞില്ലെങ്കിൽ സത്യവിശ്വാസി തീരെ അസ്വസ്ഥനായിത്തീരും.

സുബ്ഹി നമസ്കാരത്തിന് ഒരാൾക്ക് എഴുന്നേല്ക്കാൻ കഴിഞ്ഞില്ല. നമസ്കാരം 'ഖളാ'യായി. അയാൾ ആ ദിവസം മുഴുവൻ അങ്ങേയറ്റം അസ്വസ്ഥനാവുകയും കരഞ്ഞ് കരഞ്ഞിരിക്കുകയും പാപപൊറുതി തേടിക്കൊണ്ട് സമയം കഴിക്കുകയും ചെയ്തു. ആ ദുഃഖത്തിൽ അയാൾക്ക് എന്തെങ്കിലും നാശം സംഭവിക്കുമോയെന്ന് തോന്നിപ്പോയി. അടുത്തദിവസം നമസ്കാര സമയമെത്തിയപ്പോൾ, 'എഴുന്നേറ്റു നമസ്കരിക്കൂ' എന്ന് ആരോ വിളിച്ചുപറയുന്നത് അയാൾ കേട്ടു. നീ ആരാണെന്ന് അയാൾ ചോദിച്ചു. ശയ്ത്താനാണെന്ന് മറുപടി കിട്ടി. നമസ്കാരത്തിന് എന്നെ ഉണർത്തിയിട്ട് നിനക്കത് കൊണ്ടുള്ള നേട്ടമെന്താണെന്ന് അയാൾ ചോദിച്ചു. അപ്പോൾ ശയ്ത്താൻ പറഞ്ഞു: ഇന്നലെ നീ കരഞ്ഞുകരഞ്ഞ് നിന്നെ എന്താക്കിയാണ് തീർത്തത്? നീ എത്രമാത്രം ദൈവത്തിനോട് പാപപ്പൊറുതി തേടി. അതിന് അല്ലാഹു നിനക്ക് പലയിരട്ടിയാണ് പ്രതിഫലം നല്കിയത്. നീ ഒരിക്കലും പ്രതിഫലത്തിന് അർഹനാകരുതെന്നായിരുന്നു എന്റെ ഉദ്ദേശ്യം. പലയിരട്ടി പ്രതിഫലം നീ സമ്പാദിക്കുന്നതിനേക്കാൾ നല്ലത് നിന്നെ ഉണർത്തി കുറച്ചുമാത്രം ഫലം നിനക്ക് കിട്ടിയാൽ മതിയെന്നാണ് ഞാൻ കരുതുന്നത്. ഇല്ലെങ്കിൽ നീ വീണ്ടും ഇന്നലത്തെപ്പോലെ കരഞ്ഞുകരഞ്ഞ് ഒരുപാട് പ്രതിഫലം കരസ്ഥമാക്കിക്കളയും. അങ്ങനെ വരുമ്പോൾ എന്റെ ഉദ്ദേശ്യം പൂർത്തിയാകുകയില്ല.

നമസ്കാരം നഷ്ടപ്പെടുന്നവർക്ക് ഈ രീതിയിലാണ് വേദനയുണ്ടാകുന്നത്. ഒരു സത്യവിശ്വാസിയുടെ മഹിമാവിലാസം എന്നു പറയുന്നത് നമസ്കരിക്കുമ്പോൾ പൂർണ്ണശ്രദ്ധയോടുകൂടി നമസ്കരിക്കുക എന്നതാണ്. ജമാഅത്തോടുകൂടി നമസ്കരിക്കാൻ മുഅ്മിൻ ശ്രദ്ധിക്കണം. നമസ്കാരാനുഷ്ഠാനം പൂർത്തിയാകുന്നത് ജമാഅത്തോടുകൂടി നമസ്കരിക്കാൻ ശ്രമിക്കുമ്പോഴാണ്. അതിനാൽ കഴിവിന്റെ പരമാവധി ജമാഅത്തായിട്ട് നമസ്കരിക്കാൻ പരിശ്രമിക്കേണ്ടതാണ്. ഹദീഥിൽ വന്നിരിക്കുന്നു, ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രതിഫലം 27 ഇരട്ടി അധികമാണ്.

സത്യവിശ്വാസി തന്റെ മാത്രം നമസ്കാരത്തെക്കുറിച്ചായിരിക്കുകയില്ല ചിന്തിക്കുന്നത്. മറിച്ച്, മറ്റു

ള്ളവരേയും അവൻ ഉപദേശിച്ചുകൊണ്ടിരിക്കും. ജമാഅത്ത് വ്യവസ്ഥിതിയും ഒരു കുടുംബം പോലെയാണ്. ഇതിൽ തങ്ങളോടൊപ്പം തങ്ങളുടെ സഹോദരനെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. ഏതൊന്നാണോ തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരങ്ങൾക്കുവേണ്ടിയും അത് ഇഷ്ടപ്പെടേണ്ടതാണ്. ഇതും പ്രതിഫലം കരസ്ഥമാക്കുന്നതിനും നന്മ പരത്തുന്നതിനുമുള്ള മാർഗ്ഗമാണ്. എന്നാൽ, സ്നേഹത്തോടുകൂടിയാണ് ഉപദേശിക്കേണ്ടത്. അല്ലാഹു പറയുന്നു: ***വഅ്മുർ അഹ്ലക്ക ബിസ്സ്വലാത്തി വസ്ത്വബിർ അലയ്ഹാ*** നിന്റെ കുടുംബത്തോടു നമസ്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക, സ്വയം അതിൽ നിലകൊള്ളുകയും ചെയ്യുക (20:133).

മാതാപിതാക്കളും സഹോദരീസഹോദരന്മാരും പരസ്പരം നമസ്കരിക്കാൻ ഉപദേശിക്കുന്നതോടൊപ്പം ഓരോ അഹ്മദിയും മറ്റുള്ള അഹ്മദികളേയും സ്നേഹത്തോടെ ഉപദേശിക്കേണ്ടതാണ്. അതുപോലെ ജമാഅത്തിന്റെ പ്രവർത്തകരും നമസ്കാരത്തെക്കുറിച്ച് മറ്റുള്ളവരെ ഉപദേശിച്ചുകൊണ്ടിരിക്കണം. ഇതുതന്നെയാണ് സത്യവിശ്വാസികളുടെ ജമാഅത്തിന് ശക്തി പകരുന്നത്. ഇതുതന്നെയാണ് ദാസനും ദൈവവും തമ്മിൽ ബന്ധമുണ്ടാക്കുന്നത്. ഇത് ദാസനെ ദൈവത്തിന്റെ അടുക്കലെത്തിക്കുന്നു. ഈ ബന്ധം, ഭൗതികനേട്ടം കരസ്ഥമാക്കുന്നതിനുവേണ്ടിയല്ല. മറിച്ച്, യഥാർത്ഥ ഉദ്ദേശ്യം ആത്മീയതയെ അഭിവൃദ്ധിപ്പെടുത്തുകയും ദൈവസാമീപ്യം കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി അങ്ങോട്ടുമിങ്ങോട്ടും ഉപദേശിക്കുമ്പോൾ അല്ലാഹുവിന്റെ അറ്റമില്ലാത്ത അനുഗ്രഹം സ്വരുക്കൂട്ടുന്നവരായിത്തീരും. ജമാഅത്ത് ശക്തിപ്രാപിക്കുകയും ചെയ്യും. അതിന് നിബന്ധന വെച്ചിട്ടുള്ളത് സ്വയം നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക എന്നതാണ്. കർമ്മം ചെയ്യേണ്ടത് നിർബന്ധമാകുന്നു.

സത്യവിശ്വാസിയുടെ അടയാളമായി പിന്നീട് പറഞ്ഞത് ***മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** എന്നാണ്. എന്തൊന്ന് അല്ലാഹു അവർക്ക് നല്കിയിട്ടുണ്ടോ അതിൽനിന്ന് അവർ ചെലവഴിക്കുന്നു. അതായത്, അല്ലാഹുവിന്റെ വഴിയിലും തങ്ങളുടെ സഹോദരങ്ങളോടുള്ള കടമ നിറവേറ്റുന്നതിലും അവർ ചെലവഴിക്കുന്നു. ഇങ്ങനെ ധനവും അല്ലാഹു അവർക്ക് നല്കിയ കഴിവുകളും മറ്റുള്ളവരുടെ ഉന്നമനത്തിനായിക്കൊണ്ടാണ് അവർ ചെലവഴിക്കുന്നത്. ഈ നിസ്വാർത്ഥ സേവനമാണ് ഒരു സത്യവിശ്വാസിയെ മറ്റൊരു സത്യവിശ്വാസിയുമായി കെട്ടുറപ്പുള്ളതും മുറിയാത്തതുമായ ബന്ധത്തിൽ ഉറപ്പിച്ചുനിറുത്തുന്നത്. സത്യവിശ്വാസികളുടെ ജമാഅത്തിൽ ഒരു ഐക്യവും ശക്തിയുമുണ്ടാകുന്നു. എല്ലാ തലങ്ങളിലും ഇത്തരം ചിന്താഗതിയോടെ ഒരാൾ മറ്റൊരാളെ ശ്രദ്ധിച്ചുകൊണ്ട് തന്റെ ധനവും മറ്റു കഴിവുകളും ചെലവഴിക്കുകയാണെങ്കിൽ സ്നേഹവും സന്തോഷവും ഐക്യവും പ്രകടമാകുന്ന ഒരു സമൂഹം ജന്മം കൊള്ളുന്നതാണ്. ഭാര്യ, ഭർത്താവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ഭർത്താവ്, ഭാര്യയുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും മാതാപിതാക്കൾ അവരുടെ കുട്ടികളുടെ നന്മയ്ക്കായി ചെലവഴിക്കുകയും കുട്ടികൾ മാതാപിതാക്കളെ സേവിക്കുന്നതിൽ എപ്പോഴും അരമുറുക്കി രംഗത്തുണ്ടാകുകയും അവർക്ക് ഫലം നേടിക്കൊടുക്കാൻ ശ്രമിക്കുകയും അവരെ സേവിക്കാൻ അതീവശ്രദ്ധരായിരിക്കുകയും അയൽവാസി അയൽവാസിയോടുള്ള കടമ നിറവേറ്റുകയും ദരിദ്രൻ സമ്പന്നനുവേണ്ടി തന്റെ കഴിവുകൾ ഉപയോഗിക്കുകയും സമ്പന്നൻ ദരിദ്രന്റെ ഉന്നമനത്തിനായി ചെലവഴിക്കുകയും ചെയ്യുമ്പോഴാണ് ഇതെല്ലാമുണ്ടാകുന്നത്. ഇതെല്ലാം നാം ചെയ്യുന്നത് സത്യവിശ്വാസികളായതുകൊണ്ടും അല്ലാഹുവിന്റെ കല്പനയുള്ളതുകൊണ്ടുമാണ്. ഇങ്ങനെ എല്ലാവരും ഒത്തുചേർന്നുകൊണ്ട് ജമാഅത്തിന്റെ ഉന്നതിക്കായി തങ്ങളുടെ ധനവും കഴിവുകളും ചെലവഴിക്കുന്നവരായിത്തീരുമ്പോൾ അവിടെ സത്യവിശ്വാസികളുടെ സമൂഹം രൂപംകൊള്ളുന്നത് നിങ്ങൾക്ക് കാണാൻ കഴിയും.

ദൈവാനുഗ്രഹത്താൽ ജമാഅത്തിൽ ധനം ചെലവഴിക്കുന്നതിലേക്ക് അതീവശ്രദ്ധയാണുള്ളത്. ജമാഅത്തിന്റെ ആവശ്യങ്ങൾക്കും അഹ്മദികൾ തുറന്നഹൃദയത്തോടെ ത്യാഗം ചെയ്യുന്നു. എപ്പോഴും അവർ അതിനായി സന്നദ്ധരായിരിക്കുന്നു. നിത്യവും ഇതിന്റെ ഉദാഹരണം നമുക്ക് കാണാം. ജൂൺ ജമാഅത്തിന്റെ വർഷാവസാന മാസമാണ്. ഓരോ വർഷവും വിവിധ ജമാഅത്തുകൾക്ക് തങ്ങളുടെ ബഡ്ജറ്റ് എങ്ങനെയെങ്കിലും പൂർത്തിയാക്കണം എന്ന ചിന്തയാണുള്ളത്. എന്നല്ല, കഴിഞ്ഞവർഷത്തേക്കാൾ ചുവട് മുന്നിലെത്തണം എന്നും അവർ കരുതുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്താൽ സത്യവിശ്വാസികളുടെ ജമാഅത്തിനുമേൽ അത് പ്രകടിപ്പിക്കുന്നുമുണ്ട്. ഈ വർഷവും മിക്ക രാജ്യങ്ങളിലേയും ജമാഅത്തുകൾ തങ്ങളുടെ ബഡ്ജറ്റിൽ കഴിഞ്ഞവർഷത്തേക്കാൾ വലിയ തോതിൽ ത്യാഗം ചെയ്തു.

നിരവധി രാഷ്ട്രങ്ങളുണ്ട്. അതിൽ ചെറിയ ചെറിയ രാഷ്ട്രങ്ങളുമുണ്ട്. അവിടങ്ങളിൽ ഒരുപാടി രട്ടിയാണ് വസൂലി നടന്നിട്ടുള്ളത്. പാക്കിസ്ഥാനിൽ അവസ്ഥകൾ അങ്ങേയറ്റം മോശമായിട്ടും ത്യാഗരം ഗത്ത് അവർ ഇക്കുറിയും അഭിവൃദ്ധിപ്പെട്ടു. കറാച്ചി യുടെ അവസ്ഥ അങ്ങേയറ്റം മോശമായിരുന്നു. മെയ്മാസത്തിന്റെ ആരംഭത്തിൽ കലാപം പൊട്ടിപ്പു റപ്പെട്ടപ്പോൾ അമീർ സാഹിബ് വ്യാകുലതയോടെ ഫോൺ ചെയ്ത് വിവരം ധരിപ്പിച്ചിരുന്നു. 'ഇങ്ങനെ യൊക്കെയാണ് അവസ്ഥ, വർഷാന്ത്യമാണ്. ചന്ദയിൽ കുറവുണ്ടാകുമോ എന്ന ശങ്കയുണ്ട്' എന്നൊക്കെ അദ്ദേഹം പറഞ്ഞു. ഖയ്റ്! അല്ലാഹു അവന്റെ അനു ഗ്രഹം ചൊരിഞ്ഞ കാരണത്താൽ കാര്യങ്ങളെല്ലാം ഭംഗിയായി നടന്നു. പൊതുവെയുള്ള ജമാഅത്തിന്റെ സമ്പ്രദായം വർഷാന്ത്യത്തിൽ ചന്ദകൾ പൂർണ്ണ മായും കൊടുത്തുവീട്ടുക എന്നതാണ്. ജൂണിന്റെ അവസാനം കാലാവസ്ഥ മോശമായതിനാൽ കറാ ച്ചിയുടെ സ്ഥിതി വീണ്ടും വഷളായി. പറയുന്നു, ജൂൺ 30-ന് ആർക്കും വെളിയിലിറങ്ങാൻ പറ്റാത്ത വിധം മഴയും വെള്ളപ്പൊക്കവുമായിരുന്നു. ബഡ്ജറ്റനുസരിച്ചുള്ള തുക ഒരുപാട് ബാക്കിയുണ്ടാ യിരുന്നു. പക്ഷേ, വൈകുന്നേരത്തിനുള്ളിൽ എന്ത് അത്ഭുതമാണുണ്ടായതെന്നറിഞ്ഞില്ല. ബഡ്ജറ്റ് പൂർത്തിയായെന്ന് മാത്രമല്ല ദൈവാനുഗ്രഹത്താൽ ഒരുപാടധികം തുക പിരിഞ്ഞുകിട്ടി. ഇങ്ങനെ പല സ്ഥലങ്ങളിലും സംഭവിക്കാറുണ്ട്. വീട്ടിൽനിന്നിറ ങ്ങാൻ പറ്റാത്ത അത്തരം പരിതസ്ഥിതിയിൽ, അല്ലാ ഹുവിന്റെ പ്രത്യേകമായ സഹായം തന്നെയായിരുന്നു ഈ എല്ലാ കുറവും പരിഹരിച്ചത്. ഈ ദൃശ്യങ്ങൾ അല്ലാഹു കാണിക്കുന്നത്, മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്ത് സത്യവിശ്വാസികളുടെ സത്യമായ ജമാഅത്താണെന്ന് കാണിക്കാൻ വേണ്ടിയാണ്. 'ഇക്കാര്യങ്ങൾ കണ്ടിട്ട് നിങ്ങൾ നിങ്ങളുടെ ഈമാ നിൽ കൂടുതൽ ശക്തിയുണ്ടാക്കിത്തീർക്കുക. എന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക; വ്യക്തിപര മായ നിലയിലും ജമാഅത്തീപരമായ നിലയിലും എന്റെ അനുഗ്രഹത്തെ സ്വരുക്കൂട്ടുന്നവരായിത്തീരു ക. ആയിത്തീർന്നുകൊണ്ടേയിരിക്കുക' എന്നാണ് അല്ലാഹു ഇതിലൂടെ പറയുന്നത്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു സത്യ വിശ്വാസിക്ക് നബി(സ)തിരുമേനിക്കിറങ്ങിയ ശരീ അത്തിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ആ മഹാത്മാവിനെ ഖാത്തമുൽഅമ്പിയാഅ് എന്ന് വിശ്വ സിക്കേണ്ടതും നിർബന്ധമാണ്. വിശുദ്ധഖുർആൻ അവസാനത്തെ ശരീഅത്ത് ഗ്രന്ഥമാണെന്നും വിശ്വ സിച്ചിരിക്കണം. ആ ഗ്രന്ഥത്തിന്റെ സകല കല്പന കളും നമുക്കു വേണ്ടിയുള്ളതാണ്. അതിൽ വിശ്വ സിക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതും നമ്മുടെ ബാധ്യതയാണ്.

നബി(സ) തിരുമേനിക്ക് മുമ്പേ വന്ന നബി മാരും സത്യവാന്മാരായിരുന്നുവെന്ന് വിശുദ്ധഖുർആ നിൽ പറഞ്ഞിരിക്കുന്നു. അവർ അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടവരായിരുന്നു. അവരിൽ ചിലരെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട്. പക്ഷേ, അധികം ആളുക ളെക്കുറിച്ചും അതൊന്നും പറഞ്ഞിട്ടില്ല. എങ്കിലും അവരിലെല്ലാം വിശ്വസിക്കേണ്ടത് നമുക്ക് നിർബന്ധ മാണ്. ഇതും ഒരു സത്യവിശ്വാസിയുടെ പ്രത്യേകത യാണ്. ഇത് ഇസ്‌ലാമിന് മാത്രമുള്ള പ്രത്യേകതയാ ണ്. അതിൽ മുൻകഴിഞ്ഞ നബിമാരും സത്യവാന്മാ രാണെന്നുള്ള മുദ്ര വെച്ചിരിക്കുന്നു. നബി(സ) തിരു മേനിയെ ആ മുദ്രവെക്കുന്ന ആളാക്കിത്തീർത്തു. അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു: ***ഇന്നാ അർസൽനാക്ക ബിൽഹഖ്ഖി ബശീറൻവ്വനദീറാ, വ ഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാഫീഹാ നദീർ.*** തീർച്ചയായും സന്തോഷവാർത്ത അറിയിക്കുന്ന വനും മുന്നറിയിപ്പ് നല്കുന്നവനുമായി നാം സത്യ സമേതം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവികമു ന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമു ദായവുമില്ല (35:25).

എല്ലാ ജനതയിലും നബിമാർ വന്നിട്ടുണ്ടെന്ന റിയിക്കുകയും നബി(സ) തിരുമേനിയെക്കൊണ്ട് അത് വിളംബരപ്പെടുത്തുകയും ചെയ്തു. അതിനാൽ തങ്ങൾക്കു നബി വന്നിട്ടുണ്ടെന്ന് വാദിക്കുന്ന ഓരോ സമുദായത്തിന്റേയും നബിമാരെ വിശ്വസിക്കേണ്ടത് മുസ്‌ലിംകൾക്ക് നിർബന്ധമാണ്. എല്ലാ നബിമാരിലും വിശ്വസിക്കേണ്ടത് നിങ്ങൾ സത്യവിശ്വാസിയായി ത്തീരുന്നതിനുള്ള ഒരു നിബന്ധനയാണെന്നും പറ ഞ്ഞു.

പിന്നീട് പറഞ്ഞത് ആഖിറത്തിൽ വിശ്വസി ക്കുക എന്നാണ്. ഇതും വിശ്വാസത്തിന്റെ ഒരു ഭാഗ മാണ്. എന്താണ് ആഖിറത്ത്? 'ആഖിറത്തിന്റെ അർത്ഥം നബി(സ)ക്ക് ശേഷം വന്നത്' എന്നും ആകാം. അതായത്, നബി(സ)നുശേഷം ആ മഹാ ത്മാവിന്റെ ദാസനായി വരികയും വഹ്‌യ് ഇറങ്ങു കയും ചെയ്യുന്ന വാഗ്ദത്ത മഹ്ദി മസീഹിനെ വിശ്വ സിക്കുക. ഇതും ഒരു സത്യവിശ്വാസിയുടെ വിശ്വാ സത്തിന്റെ ഭാഗമാണ്. ആഖിറത്തിന് പരലോക ജീവിതം എന്നും പറയാറുണ്ട്. എന്നാൽ, ഈ വചന ത്തിന്റെ മുമ്പും പിമ്പും നോക്കുമ്പോൾ പ്രഥമാർത്ഥം പിന്നീട് വരുന്നത് എന്നാണ്. ഈ അർത്ഥവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖുർആനിലുള്ള വൈഭവത്തിന്റേയും അല്ലാഹു സന്മാർഗ്ഗം നല്കിയ തിന്റേയും ഫലമാണ്. നമ്മൾ അതിൽ വിശ്വസിച്ചിരി ക്കുന്നു. ഇവിടെ ഇത് പറഞ്ഞുകൊണ്ട് എപ്രകാരം

നിങ്ങൾക്ക് മുൻകഴിഞ്ഞ നബിമാരെ വിശ്വസിക്കേണ്ടത് നിർബന്ധമാണോ, നബി(സ) തിരുമേനിയെ വിശ്വസിക്കേണ്ടത് നിർബന്ധമാണോ അപ്രകാരം അവസാനകാലത്ത് നബി(സ) തിരുമേനിയുടെ ദാസന്റെ വെളിപ്പെടൽ ഉണ്ടാകുമെന്നും അപ്പോൾ അദ്ദേഹത്തിലും വിശ്വസിക്കേണ്ടത് നിർബന്ധമാണെന്നും വിശ്വസിക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോടു പറഞ്ഞു: "വിശുദ്ധഖുർആനിലും അതിനു മുമ്പേയിറങ്ങിയ വഹ്‌യുകളിലും വിശ്വസിക്കാൻ വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. എന്നാൽ, നമുക്കിറങ്ങുന്ന വഹ്‌യിൽ വിശ്വസിക്കേണ്ടതിനെ സംബന്ധിച്ച് എന്തുകൊണ്ട് പറഞ്ഞില്ല എന്ന വിചാരം എനിക്കുണ്ടായി. ഞാനിങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹു എന്റെ മനസ്സിൽ ഇങ്ങനെയൊരു കാര്യമിട്ടു. ***വല്ലദീന യുഅ്മിനൂന ബിമാ ഉൻസില ഇലയ്ക്ക വമാ ഉൻസിലമിൻഖ ബ്‌ലിക്ക വബിൽ ആഖിറത്തിഹും യൂഖിനൂൻ*** എന്ന വചനത്തിൽ മൂന്ന് കാലത്തെ വഹ്‌യുകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ***മാ ഉൻസില ഇലയ്ക്ക*** എന്നതിൽ വിശുദ്ധഖുർആന്റെ വഹ്‌യ്, ***മാ ഉൻസില മിൻ ഖ ബ്‌ലിക്ക*** എന്നതിൽ കഴിഞ്ഞുകടന്ന നബിമാർക്കുണ്ടായ വഹ്‌യ്, 'ആഖിറ' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മസീഹ് മൗഊദിനുണ്ടാകുന്ന വഹ്‌യാണ്. ആഖിറ എന്നതിന്റെ അർത്ഥം പിന്നാലെ വരുന്നത് എന്നാകുന്നു. ആ പിന്നാലെ വരുന്ന സംഗതി എന്താണ്? മുമ്പേ പറഞ്ഞ കാര്യങ്ങളിൽനിന്ന് അത് വ്യക്തമാണ്. ഇവിടെ പിന്നാലെവരുന്ന സംഗതി കൊണ്ടുള്ള ഉദ്ദേശ്യം ഖുർആനുശേഷം ഇറങ്ങുന്ന വഹ്‌യാണ്. കാരണം അതിനുമുമ്പേ വഹ്‌യെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഒന്ന് നബി(സ) തിരുമേനിക്കിറങ്ങിയ വഹ്‌യ്. രണ്ട് നബി(സ) തിരുമേനിക്ക് മുമ്പേയിറങ്ങിയ വഹ്‌യ്. മൂന്ന് നബി(സ) തിരുമേനിക്ക് ശേഷം വരാൻ പോകുന്ന വഹ്‌യ്.'

ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ നബി(സ) തിരുമേനി സാക്ഷി പറയുന്നത് ആദ്യകാലങ്ങളിൽ വന്ന നബിമാരെ സാക്ഷ്യപ്പെടുത്തുന്നവർക്കും നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവർക്കും ആ മഹാത്മാവിന് ശേഷം വരുന്നയാളെ വിശ്വസിക്കുന്നവർക്കും വേണ്ടിയായിരിക്കും. സൂറഃബഖറയിലെ ഈ വചനം അത് കൂടുതൽ വ്യക്തമാക്കി. യഥാർത്ഥ സത്യവിശ്വാസിയായ ഓരോ അഹ്മദിയും ഈ ഈമാൻ കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന് അനന്തരാവകാശികളായിരിക്കുകയാണ്. അതുകൊണ്ട് ഈ സന്ദേശം സ്വീകരിച്ചതിനുശേഷം തന്റെ ഈമാനിൽ അഭിവൃദ്ധിപ്പെടുകയും അല്ലാഹുവിന്റെ കല്പന നിറവേറ്റുന്നതിലേക്ക് കൂടുതൽ ശ്രമിക്കുകയും വേണ്ടതാണ്.

സത്യവിശ്വാസിയുടെ മറ്റൊരു പ്രത്യേകത വിശുദ്ധഖുർആൻ ഇങ്ങനെ വിവരിക്കുന്നു. ***വല്ലദീന ആമനൂ അശദ്ദു ഹുബ്ബൻല്ലില്ലാഹ്***. സത്യവിശ്വാസികളാകട്ടെ, അല്ലാഹുവിനോട് ഏറ്റവുമധികം സ്നേഹമുള്ളവരാകുന്നു (2:166).

സത്യവിശ്വാസിയാണെന്നതിനുള്ള അടയാളം, സത്യവിശ്വാസിയുടെ ജീവിതം ഒരു അസ്തിത്വത്തിനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു എന്നതാണ്. അങ്ങനെതന്നെയാണ് വേണ്ടതും. കാരണം അതു കൂടാതെ ഒരു സത്യവിശ്വാസി, സത്യവിശ്വാസി എന്നു പറയപ്പെടുകയില്ല. സത്യവിശ്വാസിയുടെ അദൃശ്യത്തിലുള്ള വിശ്വാസം, നമസ്കാരം, ത്യാഗം, നബിമാരോടുള്ള വിശ്വാസം തുടങ്ങിയവ തികവുറ്റതാകുന്നത്, അല്ലാഹുവിനോടുള്ള സ്നേഹം കാരണത്താൽ അവൻ നല്കിയ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുമ്പോഴാണ്. നബി(സ) തിരുമേനി ഈ ശക്തമായ സ്നേഹത്തിന്റെ എത്ര ഉന്നതമായ മാതൃകയാണ് നമുക്കു മുമ്പിൽ സമർപ്പിച്ചത്. സത്യനിഷേധികൾപോലും പറയാൻ തുടങ്ങി, '***അശിഖ മുഹമ്മദുൻ റബ്ബഹു***' മുഹമ്മദ് തന്റെ രക്ഷിതാവിൽ അനുരക്തനായിരിക്കുന്നു. നബി(സ) തിരുമേനി എത്ര മനോഹരമായ പ്രാർത്ഥനയാണ് നമ്മെ പഠിപ്പിച്ചത്: "അല്ലാഹുവേ, ഞാൻ നിന്നോട് നിന്റെ സ്നേഹം തേടുന്നു. നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും തേടുന്നു. നിന്റെ സ്നേഹംവരെ എന്നെ എത്തിക്കുന്ന കർമ്മങ്ങൾ ചെയ്യാൻ ഞാൻ നിന്നോട് കഴിവു തേടുന്നു. അല്ലാഹുവേ, എന്നോടും എന്റെ ധനത്തിനോടും എന്റെ കുടുംബത്തിനോടും തണുത്ത വെള്ളത്തിനോടും എനിക്കുള്ളതിനേക്കാൾ സ്നേഹം നിന്നോടുണ്ടാകാൻതക്കവണ്ണമുള്ള സ്നേഹം എന്റെ മനസ്സിലിട്ടാലും."

ഒരു സത്യവിശ്വാസി കരസ്ഥമാക്കേണ്ട നിലയാണിത്. ഇത് കരസ്ഥമാക്കാൻ സത്യവിശ്വാസി ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഒരു സാധനവും ലഭിക്കുകയില്ല. അതുകൊണ്ട് അവന്റെ സ്നേഹം കരസ്ഥമാക്കാനും അവന്റെ മുമ്പിൽ കുനിയേണ്ടതും അവനോടു പ്രാർത്ഥിക്കേണ്ടതും നിർബന്ധമാകുന്നു. സത്യവിശ്വാസിയുടെ വേറൊരു പ്രത്യേകത അല്ലാഹു പറയുന്നു

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ
وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ
زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ③

അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ

തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടുകയും അവന്റെ വച നങ്ങൾ അവർ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അതവർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുകയും തങ്ങളുടെ നാഥ നിൽ എല്ലാം അർപ്പിക്കുകയും ചെയ്യുന്നവർ മാത്ര മാണ് സത്യവിശ്വാസികൾ(8:3).

സത്യവിശ്വാസിയാണെന്നുള്ള വാദം മാത്രം പോരാ. ഇവിടെ അല്ലാഹു ഉപദേശിച്ചിട്ടുള്ള കാര്യവും സത്യവിശ്വാസിയുടെ പ്രത്യേകതയെക്കുറിച്ച് എടു ത്തുപറഞ്ഞിട്ടുള്ള കാര്യവും അല്ലാഹുവിനോടുള്ള ഭയം അവന്റെ ഹൃദയത്തിലുണ്ടാകുന്നു എന്നാണ്.

മുമ്പേ പറഞ്ഞതുപോലെ, ഏറ്റവുമധികം അല്ലാ ഹുവിനെ സ്നേഹിക്കുന്നവൻ, തന്റെ പ്രേമഭാജനം പറഞ്ഞതായി എന്തെങ്കിലും കാര്യം ആരെങ്കിലും തന്നോടു പറഞ്ഞാൽ അതിലേക്ക് ശ്രദ്ധക്കാതിരിക്കു ന്നതെങ്ങനെയെന്നോർത്ത് ഭയപ്പെടുന്നതാണ്. കല്പ നകളനുസരിച്ച് പ്രവർത്തിക്കുന്നതും, അല്ലാഹു പറഞ്ഞു എന്നറിയിച്ചുകൊണ്ടുള്ള ഉപദേശങ്ങൾ നട പ്പിൽ വരുത്തുന്നതുമെല്ലാം തന്റെ പ്രേമഭാജനം തന്നെ വെറുക്കരുത് എന്ന ഉദ്ദേശ്യത്തോടെയായിരിക്കണം. ഈ രീതിയിൽ സത്യവിശ്വാസിയോടു ചെയ്യുന്ന ഓരോ ഉപദേശവുമനുസരിച്ച് പ്രവർത്തിക്കാൻ അവൻ ശ്രമിക്കേണ്ടതാണ്. സത്യവിശ്വാസി ഇതനു സരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കും എന്നതിൽ സംശ യമില്ല. സത്യവിശ്വാസി എപ്പോഴും തന്റെ ദൈവം ഏറ്റവുമധികം സ്നേഹിക്കുന്നവനാണെന്നും തന്റെ നന്ദികേടുകൊണ്ട് അവൻ തന്നെ വെറുക്കരു തെന്നുമുള്ള ചിന്തയിലായിരിക്കും. ഒരു സത്യവിശ്വാ സിക്ക് മുമ്പിൽ അല്ലാഹുവിന്റെ വചനം ഓതുകയും ദൈവാനുഗ്രഹംകൊണ്ട് സത്യവിശ്വാസിക്ക് വെളി പ്പെടുന്ന അടയാളങ്ങളെക്കുറിച്ച് പറയുകയും ചെയ്യു മ്പോൾ അതവന് ഈമാൻ കൂടുതൽ അഭിവൃദ്ധിപ്പെ ടുന്നതിന് കാരണമായിത്തീരുന്നു.

മൂന്നാമത്തെ പ്രധാന കാര്യം തവക്കുൽ (സ മർപ്പണം)ന്റെ നിലവാരം ഉയരുന്നു എന്നതാണ്. അവന്റെ ദൃഢവിശ്വാസം അല്ലാഹുവിന്റെ സമ്പർക്കം കാരണം വർദ്ധിച്ചുകൊണ്ടേപോകുന്നു. അതോടു കൂടി സമർപ്പണശക്തിയും വർദ്ധിക്കുന്നു. ഭൗതിക സാധനങ്ങളുടെമേൽ കമിഴ്ന്നു വീഴുന്നതിനു പകരം അവൻ തനിക്ക് ചെയ്യാവുന്നതൊക്കെ ചെയ്തതിനു ശേഷം അതിന്റെ അന്തിമഫലത്തിനായി അല്ലാഹു വിൽ സർവ്വവും ഭരമേല്പിക്കുന്നു. ഒട്ടകത്തിന്റെ കാല് കെട്ടിയിട്ടതിനുശേഷം ആ കയറിനെ അവൻ ആശ്രയിച്ചുനില്ക്കുകയില്ല. മറിച്ച്, അതിന്റെ അധി കാരിയായ അല്ലാഹുവിനെയായിരിക്കും അവൻ ആശ്രയിക്കുക. കാരണം ആ അധികാരിയുടെ കൈയിലാണ് എല്ലാ കാര്യങ്ങളും നിലകൊള്ളുന്നത്. അവൻ എല്ലാത്തിന്റേയും മേൽനോട്ടക്കാരനും സംര ക്ഷകനുമാണ്. ഒരു സത്യവിശ്വാസിയെ മറ്റുള്ളതിൽനി ന്നെല്ലാം വേർതിരിച്ചുനിറുത്തുന്നത് ഈ തവക്കുൽ ആണ്. അവന്റെ പ്രത്യേകതയും ഇതുതന്നെ.

സത്യവിശ്വാസിയുടെ മറ്റൊരടയാളം പറയുന്നു.

إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوٓا إِلَى اللّٰهِ
وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَنْ يَّقُولُوا
سَمِعْنَا وَأَطَعْنَا ۚ وَأُولٰٓئِكَ هُمُ
الْمُفْلِحُونَ ۝٥٢

വിശ്വാസികൾക്കിടയിൽ വല്ല കാര്യത്തിനും തീരുമാനം കല്പിക്കുന്നതിനായി അല്ലാഹുവി ലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്ക പ്പെട്ടാൽ, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കു കയും ചെയ്തു' എന്നു പറയുക മാത്രമായിരിക്കും അവരുടെ മറുപടി. അവർ തന്നെയാണ് ലക്ഷ്യം പ്രാപി ക്കുന്നവർ (24:52).

അല്ലാഹുവും റസൂലും നല്കിയ എല്ലാ കല്പ നകളുമനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് അല്ലാഹു വിനേയും അവന്റെ റസൂലിനേയും പിൻപറ്റുന്നവരാ യിത്തീരുന്നത്. ഞങ്ങൾ കേട്ടു, ഞങ്ങൾ പിൻപറ്റി എന്നു പറയുന്നതുകൊണ്ടുമാത്രം അതിലൊരർത്ഥ വുമില്ല. സാധാരണ പരിതസ്ഥിതികളിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തന്റെ അമീറിനേയും വ്യവസ്ഥതിയേയും അനുസരിക്കുക എന്നത് അല്ലാ ഹുവിന്റേയും റസൂലിന്റേയും കല്പനയാണ്. ഇത് പാലിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹു ഒരിടത്ത് പറയുന്നു:

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتّٰى يُحَكِّمُوكَ
فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِيٓ أَنْفُسِهِمْ
حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ۝٦٦

എന്നാൽ, അങ്ങനെയല്ല. നിന്റെ നാഥനെ ക്കൊണ്ട് സത്യം! അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവായി

സ്വീകരിക്കുകയും എന്നിട്ട് നീ വിധിച്ച കാര്യത്തെ സംബന്ധിച്ച് അവരുടെ ഹൃദയത്തിൽ യാതൊരുവിധ പ്രയാസവും ഉണ്ടാകാതിരിക്കുകയും അവർ പരിപൂർണ്ണമായി അനുസരണം പുലർത്തുകയും ചെയ്യുന്നതുവരെ അവർ സത്യവിശ്വാസികളാവുകയില്ല (4:66).

ഇത് നബി(സ)തിരുമേനിയെക്കുറിച്ചു മാത്രമല്ല. ആദ്യം സംബോധന ചെയ്യപ്പെടുന്നയാൾ നബി(സ) തന്നെയാണ്. അതിനുശേഷം ആ മഹാത്മാവ് കൊണ്ടുവന്ന വ്യവസ്ഥിതിയാണ്. കാരണം മറ്റൊരു സ്ഥലത്ത് അല്ലാഹു അമീറിനേയും വ്യവസ്ഥിതിയേയും അനുസരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഖലീഫമാരേയും നിസാമെ ജമാഅത്തിനേയും, ബയ്അത്ത് ചെയ്തിട്ടുള്ള ഓരോരുത്തരും അനുസരിക്കേണ്ടതാണ്. സത്യവിശ്വാസി അത് പാലിക്കാൻ നിർബന്ധിതനാണ്. അനുസരിക്കുകയും തീരുമാനങ്ങൾ പാലിക്കുകയും ചെയ്യുക എന്നതല്ല മറിച്ച്, സന്തോഷത്തോടുകൂടി അത് പാലിക്കേണ്ടതാകുന്നു. ശിക്ഷ ഭയപ്പെട്ടുകൊണ്ട് ഒരിക്കലും വിശ്വസിക്കരുത്. നേരെ മറിച്ച്, അനുസരണത്തിന്റെ വികാരവായ്പോടെയാണ് വിശ്വസിക്കേണ്ടത്. ഈ സംഗതിയാണിന്ന് മുസ്‌ലിംകളിൽ സൃഷ്ടിക്കേണ്ടത്.

എന്തെങ്കിലും വഴക്കുണ്ടായാൽ സ്വന്തം ബുദ്ധികൊണ്ട് വിധിച്ച കാര്യത്തിന് പ്രാധാന്യം നല്കരുതെന്ന കാര്യം ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്. എന്തൊന്നാണോ ജമാഅത്ത് വിധിക്കുന്നത് അതാണ് സ്വീകരിക്കേണ്ടത്. വ്യക്തിപരമായ വഴക്കുകൾക്ക് 'ഖളാ' പുറപ്പെടുവിക്കുന്ന വിധി പല ഘട്ടങ്ങളിലൂടെ കടന്നുവന്നതിനുശേഷമാണ് ഉണ്ടാകുന്നത്. ചിലപ്പോൾ ഖലീഫയുടെ തീരുമാനവും അതിലുണ്ടാകും. എങ്കിലും തെറ്റായ വിധിയാണെന്ന് പറഞ്ഞ് ബഹളംകൂട്ടുന്നു. വിധി തെറ്റാകാമെന്നത് ശരിതന്നെ. പക്ഷേ വിധിക്കുന്നവരുടെ ഉദ്ദേശ്യത്തെ സംശയദൃഷ്ടിയോടെ നോക്കാൻ പാടില്ല. അതിൽനിന്ന് പിന്നീട് കുഴപ്പം തലപൊക്കും. തുടർച്ചയായി അതിന്നെതിരിൽ പറഞ്ഞുകൊണ്ടിരിക്കുകയും, ഭൗതിക കോടതിയിൽ പോകാൻ അനുവാദം ചോദിക്കുകയും ചെയ്യുക എന്നത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല. സത്യവിശ്വാസി ആ വിധിയെ സന്തോഷത്തോടെ സ്വീകരിക്കുന്നവനാണ്. ഇനി ആരെങ്കിലും തന്റെ വാക്സാമർത്ഥ്യം കൊണ്ടോ തെളിവുകൾ നിരത്തിക്കൊണ്ടോ തെറ്റായ വിധി സമ്പാദിക്കുകയും എതിർകക്ഷിക്ക് അറിവില്ലുള്ള കുറവുകൊണ്ടോ തെളിവുകൾ കുറഞ്ഞതുകൊണ്ടോ തന്റെ സത്യം വേണ്ടവിധം ബോധിപ്പിക്കാൻ സാധിക്കാതെ വരികയും ചെയ്താൽ തെറ്റായ വിധിക്ക് കാരണക്കാരൻ തീയാണ് തന്റെ വയറ്റിൽ നിറയ്ക്കുന്നതെന്നാണ് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞിട്ടുള്ളത്. അപ്പോൾ അത് അല്ലാഹുവും അവനും തമ്മിലുള്ള കാര്യമായിത്തീർന്നു. സത്യവിശ്വാസിക്ക് ഉചിതമായിട്ടുള്ളത് കുഴപ്പങ്ങളിൽനിന്ന് മാറി നില്ക്കുക എന്നതാണ്. നിരപരാധിയായ ആൾക്കെതിരിൽ വിധിയുണ്ടായാൽ അയാൾ അതിനെ അനുസരിക്കാതെ തന്റെ ചുറ്റുവട്ടത്തുള്ളവരോടും വീട്ടുകാരോടും നിസാമിന്നെതിരിൽ സംസാരിക്കുകയാണെങ്കിൽ തന്നേയും തന്റെ വീട്ടുകാരേയും ഈമാനിൽനിന്ന് അകറ്റുകയാണ് ചെയ്യുന്നത്. ചിലപ്പോൾ ഇതും കാണാറുണ്ട്. അതുകൊണ്ട് സത്യവിശ്വാസിയുടെ ഏറ്റവും വലിയ പ്രത്യേകത അനുസരണമാണെന്ന് മനസ്സിലാക്കുക. സമാധാനം സ്ഥാപിക്കാൻ അല്പം ബുദ്ധിമുട്ട് സഹിക്കേണ്ടിവന്നാൽ സഹിക്കേണ്ടതാണ്. അനുസരണത്തെ എല്ലാ കാര്യങ്ങളിലും വ്യാപിപ്പിച്ചുനിറുത്തണം. അതിനെ എല്ലാത്തിനേക്കാളും മുന്തിയതായി മനസ്സിലാക്കണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രദ്ധിക്കുകയും അതിൽ സർവ്വവും സമർപ്പിക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ കാര്യം. അവരിലാണ് അല്ലാഹു അനുഗ്രഹം ചൊരിയുന്നത്. പിന്നീട് മനുഷ്യചിന്തയ്ക്കതീതമായ മാർഗ്ഗങ്ങളിലൂടെ അവൻ അവരെ സഹായിക്കുന്നു. ഇതും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

സത്യവിശ്വാസികളുടെ പ്രത്യേകതയെക്കുറിച്ച് മറ്റൊരിടത്ത് അല്ലാഹു പറയുന്നു

إِنَّمَا يُؤْمِنُ بِآيَاتِنَا الَّذِينَ إِذَا ذُكِّرُوا بِهَا
خَرُّوا سُجَّدًا وَسَبَّحُوا بِحَمْدِ رَبِّهِمْ وَهُمْ لَا
يَسْتَكْبِرُونَ ۩

നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുമ്പോൾ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് വീഴുകയും തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും അഹങ്കരിക്കാതിരിക്കുകയും ചെയ്യുന്നവർ മാത്രമേ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയുള്ളൂ (32:16).

അതുകൊണ്ട് ആദ്യം പറഞ്ഞതുപോലെ ദൈവസ്മരണ ഒരു സത്യവിശ്വാസിയുടെ ഭയത്തെ വർദ്ധിപ്പിക്കുന്നു. അവന്റെ ഈമാനിന്റെ വർദ്ധനവിന് അത് കാരണമായിത്തീരുന്നു. ഈ ഭയം സത്യവിശ്വാസി

കളിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കണമെന്ന ഹൃദയംഗമമായ ആഗ്രഹമുണ്ടാക്കുകയും അല്ലാഹുവിന് സ്തോത്രം ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും അവർ അവനെ വാഴ്ത്തുകയും ചെയ്യുന്നു. ആരാധനാകർമ്മങ്ങളിലേക്ക് അവർ ശ്രദ്ധിക്കുന്നു. അല്ലാഹും അവന്റെ റസൂലും പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് പറയുന്ന കാര്യങ്ങൾ അനുസരിക്കുകയും അതിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ അഹ്മദികളേയും ഈ പ്രത്യേകതകൾ വഹിക്കുന്നവരാക്കിത്തീർക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''മുഅ്മിൻ എന്നതിന്റെ നിർവചനം ഇതാണ്, അല്ലാഹു നിർബന്ധമാക്കിയിരിക്കുന്ന സദഖയും ദാനകർമ്മവും കൊടുക്കുക. വ്യക്തിപരമായ സ്നേഹവായ്പോടെ സൽകർമ്മങ്ങൾ ചെയ്യുക. എന്തെങ്കിലും കൃത്രിമമോ പ്രദർശനമോ അതിലുണ്ടാകരുത്. മുഅ്മിന്റെ ഈ അവസ്ഥ അവന്റെ ആത്മാർത്ഥതയേയും ബന്ധത്തേയും വെളിപ്പെടുത്തുന്നു. സത്യവും ഉറപ്പുള്ളതുമായൊരു ബന്ധം അവന് അല്ലാഹുവുമായിട്ട് ഉണ്ടാക്കിത്തീർക്കുന്നു. ആ സമയത്ത്, അല്ലാഹു അവൻ സംസാരിക്കുന്ന നാവും അവൻ കേൾക്കുന്ന ചെവിയും അവൻ പ്രവർത്തിക്കുന്ന കൈയുമായി ത്തീരുന്നു. ചുരുക്കത്തിൽ അവന്റെ ഓരോ പ്രവർത്തനവും അവന്റെ ഓരോ അനക്കമടക്കവും അല്ലാഹുവിനു വേണ്ടിയുള്ളതായിരിക്കും. അപ്പോൾ ആര് അവനെ എതിർക്കുന്നുവോ അവൻ അല്ലാഹുവിനെയാണ് എതിർക്കുന്നത്.

"സത്യവിശ്വാസിയും അവിശ്വാസിയും തമ്മിൽ എപ്പോഴും വ്യത്യാസമുണ്ടാകുമെന്ന് വിശുദ്ധഖുർആനിൽ എഴുതിയിരിക്കുന്നു. സത്യവിശ്വാസികൾ എപ്പോഴും ദൈവികതൃപ്തിയെ അംഗീകരിക്കുകയും അവന്റെ എല്ലാ തൃപ്തികളുടേയും മുന്നിൽ കുനിയുകയും വേണം. ഇതിൽ താമസം വരുത്താൻ പാടില്ല. ദാസത്വത്തെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിനെ തന്റെ വേലക്കാരനാക്കാൻ ആഗ്രഹിക്കുന്ന ആരെങ്കിലുമുണ്ടോ?"

സത്യവും ഉറപ്പുള്ളതുമായ ബന്ധം അല്ലാഹുവുമായി സ്ഥാപിച്ചുകൊണ്ട് സത്യവിശ്വാസിക്ക് നിർബന്ധമായിരിക്കുന്ന ആ എല്ലാ പ്രത്യേകതകളേയും സ്വായത്തമാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അവൻ എപ്പോഴും നമ്മെ അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ നയിക്കുമാറാകട്ടെ. അവന്റെ അനുഗ്രഹങ്ങളുടെ പുതപ്പിൽ നമ്മെ സദാ പൊതിഞ്ഞുവെക്കുമാറാകട്ടെ. ആമീൻ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 13.7.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala